**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1998** **12-09-2023 - ൽ മറുപടിയ്ക്ക്**

**കാസർകോട് മോട്ടോർ വാഹനവകുപ്പിൽ ഒഴിവുകൾ നികത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സ്ഥിരം മേധാവിയില്ലാത്തതിനാൽ കാസർകോട് ജില്ലയിലെ മോട്ടോർ വാഹനവകുപ്പിന്റെ പ്രവർത്തനം പ്രയാസത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഇല്ല |
| (ബി) | ആർ.ടി.ഒ.യുടെയും എൻഫോഴ്സ്മെന്റ് ആർ.ടി.ഒ. യുടെയും തസ്തികകൾ എത്ര കാലമായാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | കാസർഗോഡ് ആർ.ടി.ഒ ആയിരുന്ന ശ്രീ.എ.കെ.രാധാകൃഷ്ണൻ, 30.04.2023-ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനെ തുടർന്ന് ടി ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനായി, കാസർഗോഡ് ആർ.ടി.ഒ-യുടെ പൂർണ്ണ അധിക ചുമതല കാസർഗോഡ് എൻഫോഴ്സ്മെന്റ് ആർ.ടി.ഒ ആയിരുന്ന ശ്രീ. ഡേവിസ് എം.റ്റി-യ്ക്ക് നൽകിയും, കാസർഗോഡ് എൻഫോഴ്സ്മെന്റ് ആർ.ടി.ഒ ആയിരുന്ന ശ്രീ. ഡേവിസ് എം. റ്റി, 30.06.2023-ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനെ തുടർന്ന് കാസർഗോഡ് എൻഫോഴ്സ്മെന്റ് ആർ.ടി.ഒ-യുടെ പൂർണ്ണ അധികച്ചുമതല കണ്ണൂർ എൻഫോഴ്സ്മെന്റ് ആർ.ടി.ഒ ആയ ശ്രീമതി എ. സി. ഷീബയ്ക്കും കാസർഗോഡ് ആർ.ടി.ഒ-യുടെ പൂർണ്ണ അധികച്ചുമതല ടി ഓഫീസിലെ ജോയിന്റ് ആർ.ടി.ഒ ആയ ശ്രീ. ജോസ് അലക്സിനും നൽകിയിട്ടുള്ളതാണ്. ആയതിനാൽ ആർ.ടി.ഒ-മാരില്ലാത്തതിനാൽ ഭരണപരമായ തീരുമാനങ്ങളെടുക്കാൻ അസൗകര്യങ്ങൾ നേരിടുന്ന സാഹചര്യം നിലവിലില്ല. |
| (സി) | ആർ.ടി.ഒ. മാരില്ലാത്തതിനാൽ ഭരണപരമായ തീരുമാനങ്ങളെടുക്കാൻ അസൗകര്യങ്ങൾ നേരിടുന്ന ണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | കാസർഗോഡ് ആർ.ടി.ഒ ആയിരുന്ന ശ്രീ.എ.കെ.രാധാകൃഷ്ണൻ, 30.04.2023-ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനെ തുടർന്ന് ടി ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനായി, കാസർഗോഡ് ആർ.ടി.ഒ-യുടെ പൂർണ്ണ അധിക ചുമതല കാസർഗോഡ് എൻഫോഴ്സ്മെന്റ് ആർ.ടി.ഒ ആയിരുന്ന ശ്രീ. ഡേവിസ് എം.റ്റി-യ്ക്ക് നൽകിയും, കാസർഗോഡ് എൻഫോഴ്സ്മെന്റ് ആർ.ടി.ഒ ആയിരുന്ന ശ്രീ. ഡേവിസ് എം. റ്റി, 30.06.2023-ൽ |

| | | | |
|---|---|---|---|
| | | | സർവ്വീസിൽ നിന്നും വിരമിച്ചതിനെ തുടർന്ന് കാസർഗോഡ് എൻഫോഴ്സ്മെന്റ് ആർ.ടി.ഒ-യുടെ പൂർണ്ണ അധികച്ചുമതല കണ്ണൂർ എൻഫോഴ്സ്മെന്റ് ആർ.ടി.ഒ ആയ ശ്രീമതി എ. സി. ഷീബയ്ക്കും കാസർഗോഡ് ആർ.ടി.ഒ-യുടെ പൂർണ്ണ അധികച്ചുമതല ടി ഓഫീസിലെ ജോയിന്റ് ആർ.ടി.ഒ ആയ ശ്രീ. ജോസ് അലക്സിനും നൽകിയിട്ടുള്ളതാണ്. ആയതിനാൽ ആർ.ടി.ഒ-മാരില്ലാത്തതിനാൽ ഭരണപരമായ തീരുമാനങ്ങളെടുക്കാൻ അസൗകര്യങ്ങൾ നേരിടുന്ന സാഹചര്യം നിലവിലില്ല. |
| (ഡി) | ആർ.ടി.ഒ. മാരെ കൂടാതെ കാസർകോട് ജില്ലയിൽ മോട്ടോർ വാഹനവകുപ്പിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്നും എത്രകാലമായി ഒഴിവ് തുടരുന്നുവെന്നും ഒഴിവുകൾ നികത്താൻ എപ്പോൾ നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ? | (ഡി) | വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ഓഫീസ് | തസ്തിക | ഒഴിവുകളുടെ എണ്ണം/കാലയളവ് | ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടി |
|---|---|---|---|
| സബ് ആർ.ടി. ഓഫീസ്, വെള്ളരിക്കുണ്ട് | മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ | 1 (ഒന്ന്)<br><br>01.06.2023 മുതൽ | പൊതു സ്ഥലംമാറ്റത്തിൽ പ്രസ്തുത ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ആർ.ടി.ഓഫീസ് (എൻഫോഴ്സ്മെന്റ്) കാസർഗോഡ് | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ | 3 (മൂന്ന്)<br><br>(1) 03.12.2020 മുതൽ<br>(2) 30.12.2022 മുതൽ<br>(3) 25.07.2023 മുതൽ | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ ഒഴിവുകളുടെ വിശദാംശങ്ങൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ആർ.ടി.ഓഫീസ്, കാസർഗോഡ് | ക്ലാർക്ക് (Kannada – Malayalam knowing) | 1 (ഒന്ന്)<br><br>12.08.2021 മുതൽ | ഒഴിവുകളുടെ വിശദാംശങ്ങൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ